(ബി) ഓരോ ക്ഷേമനിധി ബോർഡിന്റെ കീഴിലും എത്ര അംഗങ്ങൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഓരോ ബോർഡിലും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഓരോ വർഷവും ആനുകൂല്യങ്ങൾക്കായും മറ്റാവശ്യങ്ങൾക്കായും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അസംഘടിത തൊഴിലാളി മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 12 തൊഴിലാളി ക്ഷേമനിധി ബോർഡുകളും അനുബന്ധ പദ്ധതികളും നിലവിലുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അസംഘടിത തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത പദ്ധതിയിൽ 123 തൊഴിലാളി വിഭാഗങ്ങളെ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ അസംഘടിത മേഖലയിലെ അലക്ക് തൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം ക്ഷേമപദ്ധതികൾ നിലവിൽ വന്നിട്ടുണ്ട്. അവ ഉടൻ നടപ്പിലാക്കുന്നതാണ്.

ക്ഷേമ പെൻഷനുകൾ

92 [546] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ അധീനതയിലുള്ള ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഒഴികെയുള്ള ക്ഷേമ പെൻഷനുകളെല്ലാം 2004 മാർച്ച് 31-നു മുമ്പ് കുടിശ്ശിക തീർത്ത് വിതരണം ചെയ്യുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ക്ഷേമ പെൻഷൻ കുടിശ്ശികയും തീർത്ത് വിതരണം ചെയ്യുന്നതിന് എത്ര തുക വീതം ചെലവാക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഓരോന്നും വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ അധീനതയിൽ നൽകിവരുന്ന ക്ഷേമ പെൻഷനുകൾ താഴെപ്പറയുന്നു:

1. കർഷക തൊഴിലാളി പെൻഷൻ
2. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 60 വയസ്സു കഴിഞ്ഞ ചുരുട്ടു തൊഴിലാളികൾക്കുള്ള പെൻഷൻ
3. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് സർവ്വീസിൽനിന്നു വിരമിച്ചവർക്ക് നൽകിവരുന്ന പെൻഷൻ കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളും പെൻഷൻ നൽകി വരുന്നു.
1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
3. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ
5. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം
7. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൊല്ലം.

(ബി) പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല.

(സി) തൊഴിൽ വകുപ്പുമുഖേന വിതരണം ചെയ്യുന്ന കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണത്തിനായി 2003-04 സാമ്പത്തിക വർഷത്തിൽ 42,00,34,140 രൂപയും കശുവണ്ടി തൊഴിലാളി ക്ഷേമപദ്ധതി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണത്തിനായി മൂന്നു കോടി രൂപയും ചുരുട്ടു തൊഴിലാളി പെൻഷനുവേണ്ടി 3,32,955 രൂപയും ചെലവാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർഷക തൊഴിലാളി പെൻഷൻ 31-10-2002 വരെയുള്ളത് നൽകുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 1-11-2002 മുതൽ 31-5-2004 വരെയുള്ള 19 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 1,49,66,85,708 രൂപ വേണ്ടിവരും.

തൊഴിലില്ലായ്മ വേതനം 10/2001 മുതൽ 5/2004 വരെ 32 മാസത്തെ കുടിശ്ശികയുണ്ട്. ഇതു വിതരണം ചെയ്യുന്നതിനായി 1,48,75,00,800 രൂപ വേണ്ടിവരും.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

93 [547] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി (ഇനം തിരിച്ച്) 2000-01, 2001-02, 2003-04 വർഷങ്ങളിൽ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡിലേക്ക് എത്ര രൂപാ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട് എന്ന് പറയുമോ;

(സി) വിവിധ ആനുകൂല്യങ്ങൾക്കായി എത്ര അപേക്ഷകൾ ചീഫ് ഓഫീസിൽ തീർപ്പുകൽപ്പിക്കാനായി അവശേഷിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി 2000-01, 2001-02, 2002-03, 2003-04 വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. †

(ബി) ഗ്രാന്റ് ഒന്നും അനുവദിച്ചിട്ടില്ല.

(സി) 31-5-2004-ലെ നിലവച്ച് വിവിധ ആനുകൂല്യങ്ങൾക്കായി തീർപ്പുകൽപ്പിക്കാനായി അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

അതിവർഷാനുകൂല്യം	. .	95,615
മരണാനന്തര സഹായം	. .	696
വിവാഹ ധനസഹായം	. .	45,155
പ്രസവാനുകൂല്യം	. .	1,155
ചികിത്സാ സഹായം	. .	1,259
ആകെ	. .	1,43,880

† അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly